File No.SJD/378/2020-D1

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി : 07/10/2021
Email -swdkerala@gmail.com
Phone : 0471 - 2306040

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ശ്രേഷ്ഠം പദ്ധതി - സംബന്ധിച്ച്.

സൂചന 06/06/2021 ലെ സ.ഉ.(സാധാ)നം.551/2021/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്

ഭിന്നശേഷിക്കാരായവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ നടത്തി വരുന്നു. RPWD ആക്ട്, 2016 chapter (III) സെക്ഷൻ 16(1) പ്രകാരം ഭിന്നശേഷിക്കാർക്ക് കലാകായിക രംഗങ്ങളിൽ തുല്യത ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . ആയതിനാൽ ഈ മേഖലകളിൽ അഭിരുചിയും, പ്രാവീണ്യവും ഉള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് /കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് ശ്രേഷ്ഠം. കലാകായിക രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനം ഈ പദ്ധതി വിഭാവനം ചെയ്യുന്നു . ഭിന്നശേഷിത്വം കാരണം സ്വന്തം കഴിവുകൾ, അഭിരുചികൾ എന്നിവ വികസിപ്പിക്കാൻ സാധിക്കാതെ വീട്ടിൽ ഒതുങ്ങിക്കഴിയുന്ന അവസ്ഥ ഒഴിവാക്കി, മികച്ച് നേട്ടങ്ങൾ കൈവരിച്ച് അവരെ സമൂഹത്തിന്റെ ഒരു ഭാഗമായി ഉയർത്തിക്കൊണ്ടു വരേണ്ടത് സർക്കാരിന്റെ കൂടി ഉത്തരവാദിത്വവുമാണ്. ഇത്തരത്തിൽ മാത്രമേ ഭിന്നശേഷിക്കാരുടെ പൂർണ്ണ പങ്കാളിത്തത്തോട് കൂടെയുള്ള വികസിത സമൂഹം കെട്ടിപ്പെടുക്കുന്നതിന് സാധിക്കുകയുള്ളൂ.

വ്യത്യസ്ത കലാ -കായിക രംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് രാജ്യത്തിനകത്തുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം ഉറപ്പ് വരുത്തുന്നതിനായി ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് 2019-20 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ '**ശ്രേഷ്ഠം**' എന്ന പേരിൽ ഒരു പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. വൈകല്യത്തോട് പൊരുതി കലാകായിക ഇനങ്ങളിൽ പങ്കെടുക്കുന്നതിനും അതുവഴി അവരുടെ കഴിവുകൾ വളർത്തിയെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിനുമുള്ള പ്രോത്സാഹനം എന്ന തരത്തിൽ 2021-22 വർഷം മുതൽ പുതിയ പദ്ധതിയായി നടപ്പിലാക്കാവുന്നതാണ്. ശ്രേഷ്ഠം പദ്ധതി 2021 -22 വർഷത്തെ നടത്തിപ്പിനായി 14,00,000/- (പതിനാല് ലക്ഷം ) രൂപയുടെ ഭരണാനുമതി സൂചന പ്രകാരം ലഭിച്ച് ഉത്തരവായിട്ടുണ്ട്. ഒരു ജില്ലയിൽ കലാമേഖലയിൽ പ്രാവിണ്യം നേടിയ 5 പേർക്കും കായിക മേഖലയിൽ പ്രാവിണ്യം നേടിയ 5 പേർക്കുമായി ആകെ 10 പേർക്ക് ആനുകല്യം നൽകുന്നതിനാണ് നടപ്പ്

സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്ക് അനുമതി ലഭ്യമായിട്ടുള്ളത് .

ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ അപേക്ഷ ക്ഷണിച്ച് പദ്ധതി നിർവഹണം നടത്തേണ്ടതാണ്.

- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
- .അപേക്ഷകർ സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരായിരിക്കണം.
- സംസ്ഥാന/ ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരായിരിക്കണം.
- 2020 -21 ലെ കലാ/കായിക മികവിന് 2021 -22 സാമ്പത്തിക വർഷത്തിലും തുടർന്ന് വരുന്ന വർഷങ്ങളിലുമായിരിക്കും ധനസഹായം നൽകുന്നത്.
- ധനസഹായത്തിന് യോഗ്യത നേടിയ മെറിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് , പരിശീലനം നേടുന്ന സ്ഥാപനത്തിൽ നിന്നുള്ള അഡ്മിഷൻ സംബന്ധിച്ച രേഖ , ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്ക്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.
- പദ്ധതി മാനദണ്ഡ പ്രകാരമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.
- ഒരേ യോഗ്യതയുള്ള 5 ൽ കൂടുതൽ അർഹതയുള്ള അപേക്ഷകൾ വരുന്ന സാഹചര്യത്തിൽ വരുമാന പരിധി , വൈകല്യ തോത് എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന ലിസ്റ്റ് തയ്യാറാക്കേണ്ടതും മുൻഗണന അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ സാമൂഹ്യനീതി ആഫീസർമാർ അർഹതാ വിധേയമായി ധനസഹായം അനുവദിക്കേണ്ടതുമാണ്.
- ഏതെങ്കിലും ജില്ലയിൽ അപേക്ഷകരുടെ എണ്ണം കുറവാകുന്ന പക്ഷം, ടി തുക അർഹതപ്പെട്ട അപേക്ഷകർ കൂടുതലുള്ള ജില്ലകൾക്ക് അനുവദിക്കുന്നതാണ്.
- ജില്ലാ അടിസ്ഥാനത്തിൽ പദ്ധതി സംബന്ധിച്ച് വ്യാപകമായ പരസ്യം ദൃശ്യ , ശ്രാവ്യ മാധ്യമങ്ങൾ മുഖേന നൽകേണ്ടതും ഒക്ടോബർ 31 നുള്ളിൽ അപേക്ഷകൾ ജില്ല സാമൂഹ്യ നീതി ഓഫീസുകളിൽ സ്വീകരിക്കേണ്ടതും , നവംബർ 10 നകം അർഹതപെട്ട ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ആവശ്യമായ തുകയ്ക്ക് അപേക്ഷിക്കേണ്ടതുമാണ്.
- ഡിസംബർ 3 ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് തുക ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

( ഒപ്പ് )

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസിർമാർക്കും ,

പകർപ്പ് :

1. സൂപ്രണ്ട് , എ സെക്ഷൻ
2. സൂപ്രണ്ട് , പി സി സെക്ഷൻ
3. ഫയൽ / കരുതൽ ശേഖരം